**Malayala Manorama**

**26.03.2025**

# നിർമാണ ക്ഷേമനിധി ബോർഡിന്റെ വരുമാനം ഏഴിലൊന്നായി, ആനുകൂല്യ വിതരണം നിലച്ചു

## ▸▸ 2019ൽ 910 കോടി, 2023ൽ 135 കോടി; സിഎജിയുടെ വിമർശനം

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● കെടുകാര്യസ്ഥത കാരണം കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ ആനുകൂല്യ വിതരണം അവതാളത്തിലാണെന്നും 2019ൽ 910 കോടി രൂപ വരുമാനമുണ്ടായിരുന്നത് 2023ൽ 135 കോടിയായി കുറഞ്ഞെന്നും കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട്.

പെൻഷൻ, വിവാഹം, ചികിത്സാ സഹായം തുടങ്ങിയവ മുടങ്ങി. ഓരോ വർഷവും പെൻഷൻ വിതരണത്തിൽ വലിയ ഇടിവു സംഭവിക്കുന്നു. ഓഡിറ്റ് രേഖകൾ സമർപ്പിക്കുന്നത് ബോർഡ് 2 വർഷം വരെ വൈകിപ്പിച്ചെന്നും റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്.

2.82 ലക്ഷം കെട്ടിടങ്ങളിൽ 1.26 ലക്ഷത്തിൽ (44.68%) നിന്നു മാത്രമേ നിർമാണ സെസ് പിരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 542 കോടി രൂപയാണു പിരിച്ചെടുക്കാനുള്ളത്. ബോർഡിന്റെ വരുമാനത്തിൽ 1.56 കോടി രൂപ തെറ്റായി 'റിയാബ് ' എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു.

ക്ഷേമനിധി ഗുണഭോക്താക്കളുടെ വിവരങ്ങൾ ജില്ലാ ഓഫിസുകളുടെ പക്കലാണ് സൂക്ഷിക്കുന്നതെന്നതിനാൽ കേന്ദ്രീകൃത സ്കീമുകൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല. തൊഴിലുടമകളുടെ വിവരങ്ങൾ ലേബർ കമ്മിഷണറേറ്റിൽ ലഭ്യമല്ല. എല്ലാ കെട്ടിട നിർമാണ സ്ഥാപനങ്ങളെയും ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി ഡേറ്റ ബേസ് തയാറാക്കണമെന്ന നിർദേശവും സിഎജി മുന്നോട്ടുവച്ചു. തദ്ദേശ സ്ഥാപനങ്ങൾ പെർമിറ്റ് നൽകുന്ന എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ ഓൺലൈനായി ശേഖരിക്കണമെന്നും നിർദേശിച്ചു.

## 77 പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 18,026.49 കോടി രൂപ

● സംസ്ഥാനത്തെ 77 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലെന്ന് സിഎജി. 18,026.49 കോടി രൂപയാണ് ഇവയുടെ നഷ്ടം. ലാഭകരമല്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്ന ശുപാർശയും റിപ്പോർട്ടിലുണ്ട്. 58 എണ്ണം മാത്രമാണ് ലാഭത്തിൽ. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ഉപകരണങ്ങൾ വാങ്ങിയതിൽ 23.17 കോടിയുടെ നഷ്ടമുണ്ടാക്കി. കെഎസ്ഐഡിസി വായ്പ അനുവദിച്ചതിലെ വരുത്തിയ പാളിച്ച കാരണം 4.40 കോടി രൂപ നഷ്ടമുണ്ടായി. അനർഹർക്ക് 47 കോടി രൂപ വായ്പയായി നൽകി. തിരിച്ചുപിടിക്കാൻ കഴിയാത്തതിനാൽ സംഭവിച്ച നഷ്ടം 28 കോടിയാണെന്നും റിപ്പോർട്ടിൽ പറയുന്നു